ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 18.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) മഹാകുംഭമേള വൻ വിജയമായിരുന്നുവെന്ന് ലോക്സഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi today asserted Maha Kumbh in Prayagraj has reflected the spirit of rising India and the entire world witnessed the power of the country. PM was making a statement in Lok Sabha.**

2) ആഗോളതലത്തിൽ നീതിയുക്തവും ശക്തവുമായ അന്താരാഷ്ട്ര ക്രമം ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് റായ്സിന സംഭാഷണത്തിൽ വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

**External Affairs Minister Dr. S. Jaishankar today underscored the need for a fair and robust international order while speaking at a session at the Raisina Dialogue in New Delhi.**

3) ഇടുക്കി പരുന്തുപാറയിൽ അടക്കമുള്ള ഭൂമി കയ്യേറ്റങ്ങൾ ചൂണ്ടിക്കാട്ടി നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. കൈയേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് റെവന്യു മന്ത്രി കെ രാജൻ.

**Opposition walkout in Kerala Assembly over land encroachment in Parumthumpara, Idukki district. State government has taken strict actions against the encroachers, says Revenue Minister K Rajan.**

4) അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്നും സുനിത വില്യംസും, ബുച്ച് വിൽമോറും ഭൂമിയിലേക്ക് മടക്കയാത്ര ആരംഭിച്ചു.

**Astronauts Butch Wilmore and Sunita Williams, who have been stranded on the International Space Station (ISS) for over nine months, started the return journey to Earth.**

5) രാജ്യത്തെ ബാങ്കുകൾ പൊതുഅവധി ദിനമായ മാർച്ച് 31 ന് തുറന്ന് പ്രവർത്തിക്കുമെന്ന് റിസർവ് ബാങ്ക്.

**All banks will remain open for transactions on 31st March this year despite it being a public holiday, to provide convenience to taxpayers.**

6) കബഡി ലോകകപ്പിൽ ഇന്ന് ഇന്ത്യൻ വനിതകൾ വെയ്ൽസിനെയും, പുരുഷ ടീം സ്കോട്ലൻഡിനെയും നേരിടും

**In Kabaddi World Cup 2025, Indian Women's team will lock horns with Wales , while the Men's team will take on Scotland today.**

✪✪✪✪✪✪✪✪✪✪✪✪✪✪

## HEADLINE-1

**PM-LS-Maha Kumbh INTRO**

*പ്രയാഗ് രാജിൽ നടന്ന മഹാകുംഭമേള വൻ വിജയമായിരുന്നുവെന്ന് ലോക്സഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ഒരുമയുള്ള സന്ദേശമാണ് മഹാകുംഭമേള നൽകിയതെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. പുതിയ നേട്ടങ്ങൾക്ക് പ്രചോദനമാകുന്ന ദേശീയ ഉണർവ് മഹാ കുംഭമേളയിൽ ദൃശ്യമായതായും ശ്രീ മോദി വ്യക്തമാക്കി.*

*( ഹോൾഡ്-വോയിസ്)*

*പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ലോക്സഭ ഒരു മണി വരെ നിർത്തിവച്ചിരിക്കുകയാണ്. രാജ്യസഭയിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.*

✡✡✡✡✡✡✡✡✡✡✡✡✡✡

## HEADLINE-2

**JAISHANKAR-RAISINA DIALOGUE (intro)**

***ആഗോളതലത്തിൽ നീതിയുക്തവും ശക്തവുമായ അന്താരാഷ്ട്ര ക്രമം ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ശക്തമായ അന്താരാഷ്ട്ര ക്രമത്തിന്റെ അഭാവം ചെറുരാജ്യങ്ങൾക്ക് വെല്ലുവിളി ഉയർത്തുന്നതായും അദ്ദേഹം ന്യൂഡൽഹിയിൽ റെയ്സിന ഡയലോഗിൽ പറഞ്ഞു.***

***(ഹോൾഡ്)***

***കശ്മീരിൽ പാകിസ്ഥാൻ മുൻപ് നടത്തിയ അധിനിവേശത്തെക്കുറിച്ച് പരാമർശിച്ച ശ്രീ ജയശങ്കർ, പരമാധികാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിശദീകരിച്ചു. വിഷയത്തെ ഐക്യരാഷ്ട്രസഭ കൈകാര്യം ചെയ്ത രീതിയേയും അദ്ദേഹം വിമർശിച്ചു. പാക് അധിനിവേശത്തെ, രാജ്യങ്ങൾക്കിടയിലെ തർക്കമായാണ് യുകെ, കാനഡ, യുഎസ് തുടങ്ങിയ രാജ്യങ്ങൾ കണ്ടിരുന്നതെന്നും അദ്ദേഹം പറഞ്ഞു.***

✡✡✡✡✡✡✡✡✡✡✡✡✡✡

**INDIA - NEW ZEALAND**

പ്രതിരോധ, വിദ്യാഭ്യാസ, കായിക മേഖലകളിൽ അഞ്ച് സുപ്രധാന കരാറുകളിൽ ഒപ്പുവച്ച് ഇന്ത്യയും ന്യൂസിലൻഡും. സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട അംഗീകാര കറാറിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾക്ക് തുടക്കം കുറിക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും തമ്മിൽ ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിൽ ധാരണയായി. ഭീകരതയ്ക്കും വിഘടനവാദത്തിനുമെതിരെ യോജിച്ചു പ്രവർത്തിക്കുമെന്നും നേതാക്കൾ അറിയിച്ചു. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി രാജ്യത്തെത്തിയ ന്യൂസിലൻഡ് പ്രധാനമന്ത്രി, രാഷ്ട്രപതി ദ്രൗപദി മുർമുവുമായും ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു. 10 മത് റായ്സിന ഡയലോഗിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കൊപ്പം അദ്ദേഹം നിർവഹിച്ചു. രാജ്യത്തെ

വ്യവസായ പ്രമുഖരുമായി ന്യൂസിലൻഡ് പ്രധാനമന്ത്രി മുംബൈയിൽ കൂടിക്കാഴ്ച നടത്തും.

✡✡✡✡✡✡✡✡✡✡✡✡✡✡

## HEADLINE-3

### ASSEMBLY WALKOUT

ഇടുക്കി പരുന്തുംപാറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വൻകിട ഭൂമി കൈയേറ്റ വിഷയങ്ങളിൽ നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്. ഭൂമി കൈയേറ്റ പ്രശ്നങ്ങൾ മലയോര ജനതയിൽ സൃഷ്ടിക്കുന്ന ആശങ്ക സഭ നിർത്തി വെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് മാത്യു കുഴൽനാടൻ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. ഭൂമി കൈയേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് റെവന്യൂ മന്ത്രി കെ രാജൻ മറുപടി നൽകി. കൈയേറ്റങ്ങൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി എടുക്കുമെന്നും മന്ത്രി അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. ഭൂമി കൈയേറ്റങ്ങൾക്ക് ഉദ്യോഗസ്ഥരും കൂട്ട് നിൽക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ വാക്ക്ഔട്ട് പ്രസംഗത്തിൽ ആരോപിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

### ASSEMBLY –KN BALAGOPAL

സംസ്ഥാനത്ത് നിലവിൽ ട്രഷറി നിയന്ത്രണമില്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. 25 ലക്ഷത്തിന് മുകളിലുള്ള ചെക്കുകൾ മാറുന്നതിന് നേരത്തെ ഏർപ്പെടുത്തിയ നിയന്ത്രണം മാത്രമാണ് നിലവിൽ ഉള്ളതെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

കേരളത്തിന്റെ മനുഷ്യവിഭവ ശേഷി സംസ്ഥാനത്ത് തന്നെ പ്രയോജനപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചതായി അദ്ദേഹം അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

### HEMA COMMITTE – HIGH COURT

സിനിമ മേഖലയിലെ വനിതകൾ നേരിടുന്ന പീഡനവുമായി ബന്ധപ്പെട്ട് ജസ്റ്റിസ് ഹേമ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൊഴി കൊടുക്കാൻ താല്പര്യമില്ലാത്തവരെ നിർബന്ധിക്കരുത് എന്ന് ഹൈക്കോടതി. ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണ ടീമിന്റെ നോട്ടീസ് ലഭിച്ചവർക്ക് മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരായി മൊഴി നൽകാമെന്നും, താല്പര്യമില്ലെങ്കിൽ അക്കാര്യം മജിസ്ട്രേറ്റ് കോടതിയെ അറിയിക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി. അന്വേഷണത്തിന്റെ പേരിൽ ആരെയെങ്കിലും ബുദ്ധിമുട്ടിക്കുന്നുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്താമെന്നും ഹൈക്കോടതി അറിയിച്ചു. മൊഴി നൽകാൻ നിർബന്ധിക്കുന്നുവെന്ന പരാതി ഉയർന്നതിന്റെ പശ്ചാത്തലത്തിലാണ് ഹൈക്കോടതിയുടെ ഇടപെടൽ.

✡✡✡✡✡✡✡✡✡✡✡✡✡✡

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

✡✡✡✡✡✡✡✡✡✡✡✡✡✡

## <u>HEADLINE-4</u>

### <u>NASA – SPACEX</u>

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഒമ്പത് മാസത്തിലേറെയായി കുടുങ്ങിക്കിടക്കുന്ന ബഹിരാകാശയാത്രികരായ സുനിത വില്യംസും, ബുച്ച് വിൽമോറും ഭൂമിയിലേക്ക് മടക്കയാത്ര ആരംഭിച്ചു. സ്പേസ് എക്സ് ക്രൂ ഡ്രാഗൺ ക്രാഫ്റ്റിലാണ് ഇരുവരെയും തിരികെ എത്തിക്കുന്നത്. ഇന്ന് രാവിലെ ഇന്ത്യൻ സമയം 10.15 ന് ആരംഭിച്ച അൺഡോക്കിങ്ങ് പ്രക്രിയ പൂർത്തിയാക്കി 10.35 ന് പേടകം ഭൂമിയിലേക്ക് യാത്ര ആരംഭിച്ചു. 17 മണിക്കൂർ യാത്രയ്ക്കൊടുവിൽ ഇന്ത്യൻ സമയം നാളെ പുലർച്ചെ 3.27 ഓടെ നാല് യാത്രികരുമായി പേടകം ഭൂമിയിൽ എത്തും. ബോയിംഗ് സ്റ്റാർലൈനർ ബഹിരാകാശ പേടകത്തിന് സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായതിനെത്തുടർന്നാണ് ജൂൺ മുതൽ സുനിത വില്യംസും, ബുച്ച് വിൽമോറും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ കുടുങ്ങിയത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## CEC MEET-VOTER ID AADHAAR

ആധാർ തിരിച്ചറിയൽ നമ്പർ, വോട്ടർ ഐഡിയുമായി ബന്ധിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേരും. ആഭ്യന്തര മന്ത്രാലയ പ്രതിനിധികൾ, നിയമനിർമ്മാണ വകുപ്പ് ഉദ്യോഗസ്ഥർ, UIDAI മേധാവി എന്നിവർ യോഗത്തിൽ പങ്കെടുക്കും. തിരഞ്ഞെടുപ്പ് സംബന്ധമായ വെല്ലുവിളികൾ പരിഹരിക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ള വിവിധ നടപടികളും യോഗത്തിൽ ചർച്ച ചെയ്യും. അടുത്ത മൂന്ന് മാസത്തിനുള്ളിൽ കൃത്രിമ വോട്ടർ ഐഡി പ്രശ്നങ്ങൾ പരിഹരിക്കുക, പോളിംഗ് ബൂത്തുകളിലെ തിരക്ക് ലഘൂകരിക്കുക തുടങ്ങിയവയും യോഗം പരിശോധിക്കും.

✪✪✪✪✪✪✪✪✪✪✪✪✪✪

## MAHA-NAGPUR VIOLENCE

മഹാരാഷ്ട്രയിലെ നാഗ്പൂർ മഹൽ മേഖലയിൽ രണ്ട് വിഭാഗങ്ങൾ തമ്മിൽ സംഘർഷം. മതചിഹ്നങ്ങൾ നശിപ്പിച്ചതുമായി ബന്ധപ്പെട്ട തർക്കമാണ് സംഘർഷത്തിലേക്കെത്തിയത്. ഇരു വിഭാഗങ്ങളും കല്ലേറു നടത്തുകയും വാഹനങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്യു. .സംഘർഷം നിയന്ത്രിക്കാൻ ചിറ്റ്നിസ് പാർക്കിലും മഹൽ പ്രദേശങ്ങളിലും പൊലീസ് ലാത്തിച്ചാർജ് നടത്തുകയും കണ്ണീർവാതകം പ്രയോഗിക്കുകയും ചെയ്യു. അക്രമികളെ കണ്ടെത്താൻ പോലീസ് സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചു വരികയാണ്. തെറ്റായ പ്രചാരണങ്ങളിൽ വിശ്വസിക്കരുതെന്നും സമാധാനവും ഐക്യവും നിലനിർത്തണമെന്നും കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും ജനങ്ങളോട് അഭ്യർത്ഥിച്ചു. മേഖലയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪✪✪✪✪✪✪✪✪✪✪✪

## *DAY DELHI- MLAs ORIENTATION (INTRO)*

*ഡൽഹി നിയമസഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായുള്ള രണ്ട് ദിവസത്തെ ഓറിയന്റേഷൻ പരിപാടി ലോക്സഭാ സ്പീക്കർ ഓം ബിർള ഉദ്ഘാടനം ചെയ്യു. മികച്ച ജന പ്രതിനിധികളാകാൻ, ഭരണഘടനയുടെ വ്യവസ്ഥകളെക്കുറിച്ചും,*

*സഭയുടെ നടപടിക്രമങ്ങളെക്കുറിച്ചും വിപുലമായ അറിവ് നേടണമെന്ന് എം.എൽ.എമാരോട് ലോക്സഭാ സ്പീക്കർ പറഞ്ഞു. എം.എൽ.എമാർ സഭാ ചർച്ചകളിൽ സജീവമായി പങ്കെടുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.*

*(ഹോൾഡ് - വോയിസ്)*

✪✪✪✪✪✪✪✪✪✪✪✪✪✪

## HEADLINE-5

**Reserve Bank**

നികുതിദായകരുടെ സൗകര്യാർത്ഥം രാജ്യത്തെ ബാങ്കുകൾ പൊതുഅവധി ദിനമായ മാർച്ച് 31 ന് തുറന്ന് പ്രവർത്തിക്കുമെന്ന് റിസർവ് ബാങ്ക്. കൗണ്ടറുകളിലൂടെയുള്ള പണമിടപാടുകൾ നിലവിലെ സമയപരിധിയിൽ തന്നെ നടക്കും. ഗവൺമെന്റ് പണമിടപാടുകളുമായി ബന്ധപ്പെട്ട വർഷാന്ത കണക്കെടുപ്പുകൾ പൂർത്തീകരിക്കുന്നതിന് ക്രമീകരണം ഒരുക്കിയതായും ആർ.ബി.ഐ വ്യക്തമാക്കി.

✪✪✪✪✪✪✪✪✪✪✪✪✪✪

## HEADLINE-6

**Kabaddi World Cup**

കബഡി ലോകകപ്പ് 2025 ൽ ഇന്ന് ഇന്ത്യൻ വനിതകൾ വെയ്ൽസിനെയും, പുരുഷ ടീം സ്കോട്ട്ലൻഡിനെയും നേരിടും. ഇംഗ്ലണ്ടിൽ ഇന്നലെ ആരംഭിച്ച ടൂർണമെന്റിൽ ഇന്ത്യൻ പുരുഷ ടീം ഇന്നലെ ഇറ്റലിയെ 64-22 ന് പരാജയപ്പെടുത്തിയിരുന്നു.

✪✪✪✪✪✪✪✪✪✪✪✪✪✪

**Boxing**

2028 ലോസ് ആഞ്ചലസ് ഒളിമ്പിക്സ് മത്സരയിനങ്ങളിൽ ബോക്സിങ് വീണ്ടും ഉൾപ്പെടുത്താൻ തീരുമാനിച്ച് അന്താരാഷ്ട്ര ഒളിമ്പിക് സമിതി. ഇൻറർനാഷണൽ ബോക്സിങ് അസോസിയേഷന് പകരമായി വേൾഡ് ബോക്സിങ്ങിനെ അംഗീകരിച്ചതിന് പിന്നാലെയാണ് ഈ തീരുമാനം. വേൾഡ്

ബോക്സിങ്ങ് പ്രസിഡന്റ് ബോറിസ് വാൻഡെർ വോസ്റ്റ് തീരുമാനത്തെ സ്വാഗതം ചെയ്തു.

✡✡✡✡✡✡✡✡✡✡✡✡✡✡

**SENSEX**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടത്തിൽ വ്യാപാരം പുരോഗമിക്കുന്നു. സെൻസെക്സ് 684 പോയിന്റ് നേട്ടത്തിൽ 74,854 ലും നിഫ്റ്റി 211 പോയിന്റ് നേട്ടത്തിൽ 22,720 ലുമാണ് വ്യാപാരം പുരോഗമിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡